## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1445** — **02/03/2017 ൽ മറുപടിയ്ക്ക്**

### സംസ്ഥാനത്ത് സ്വകാര്യ കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്നത് മൂലമുള്ള പ്രതിസന്ധി

**ചോദ്യം**

**ശ്രീ.മുല്ലക്കര രത്നാകരൻ**
**ശ്രീ.ആർ.രാമചന്ദ്രൻ**
**ശ്രീ.മുഹമ്മദ് മുഹസിൻ പി.**

**ഉത്തരം**

**ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്വകാര്യ കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്നതു മൂലമുള്ള പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറക്കാതിരിക്കുന്നതിനുള്ള കാരണങ്ങളും അവ തുറക്കുന്നതിന് വേണ്ടി സർക്കാർ നടത്തിയ ശ്രമങ്ങളും വിശദമാക്കുമോ ; | (ബി) | സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ കശുവണ്ടി ഫാക്ടറികളിലെ സിംഹഭാഗവും തുറന്ന് പ്രവർത്തിക്കാത്ത വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഈ വിഷയത്തിന്റെ അടിയന്തര പ്രധാന്യം കണക്കിലെടുത്ത് ബഹു.ഫിഷറീസ് & കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രിയും ബഹു.മുഖ്യമന്ത്രിയും പ്രത്യേകം പ്രത്യേകം യോഗങ്ങൾ വിളിച്ച് ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വ്യവസായികളിൽ നിന്നും തന്നെ മനസ്സിലാക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുകയുമുണ്ടായി. ചർച്ചകളിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ താഴെപറയുന്ന വിഷയങ്ങളാണ് കശുവണ്ടി ഫാക്ടറികൾ തുറക്കാതിരിക്കുവാനുള്ള കാരണങ്ങളെന്ന നിഗമനത്തിൽ എത്തിചേർന്നിട്ടുണ്ട്.<br>1. അസംസ്കൃത തോട്ടണ്ടിയുടെ ലഭ്യതക്കുറവ്.<br>2. കശുവണ്ടി വ്യാപാരികൾക്കിടയിലുള്ള |

| | | | |
|---|---|---|---|
| | | | ആശാസ്യമല്ലാത്ത കിടമത്സരങ്ങൾ.<br>3. യന്ത്രവല്ക്കരണത്തിന്റെ അഭാവം.<br>4. പ്രവർത്തന മൂലധനത്തിന്റെ അഭാവം.<br>5. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന ക്കുറവ്.<br>6. കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ ഇറക്കുമതി ചുങ്കം.<br>വ്യവസായികൾ ഉന്നയിച്ച വിഷയങ്ങളിൽ ഗവൺമെന്റിന് തുറന്ന സമീപനമാണുള്ളത്. സംസ്ഥാനത്ത് വ്യവസായം നടത്തുന്നവരുടെ താല്പര്യം സംരക്ഷിക്കുന്നതിനായി ഇംപോർട്ട് ഡ്യൂട്ടി പിൻവലിക്കുന്ന വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി യെങ്കിലും മറുപടി അനുകൂലമായിരുന്നില്ല. ബാങ്ക് ലോൺ റീ സ്ട്രക്ച്ചർ ചെയ്യുക, പുതിയ ലോൺ അനുവദിക്കുക, നിലവിലുള്ള ലോണിന് 6 മാസത്തേക്ക് മൊറട്ടോറിയം ഏർപ്പെടുത്തുക എന്നീ വിഷയങ്ങൾ റിസർവ്വ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ബാങ്ക് പ്രതിനിധികളുടേയും സർക്കാർ പ്രതിനിധി കളുടേയും എംപവേർഡ് കമ്മിറ്റി ഈ വിഷയം പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. തോട്ടണ്ടി ലഭ്യമാക്കുന്നതിന് ഒരു ദീർഘകാല പദ്ധതിയായി ഒരു കൺസോർഷ്യം രൂപീകരിക്കുന്ന കാര്യവും പരിശോധിച്ചു വരുന്നു. സ്വകാര്യ കശുവണ്ടി വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ കശുവണ്ടി വ്യവസായികളും ബാങ്ക് പ്രതിനിധികളും സർക്കാർ പ്രതിനിധികളും അടങ്ങിയ ഒരു എസ്.പി.വി. രൂപീകരിക്കാനും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നിർദ്ദേശിക്കാനും തീരുമാനിച്ചിട്ടുണ്ട്. എസ്.പി.വി. രൂപീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുവാൻ വിസമ്മതിക്കുന്ന പക്ഷം അവ സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിന് സന്നദ്ധമാകുമോ; | (സി) | ഈ വിഷയത്തിൽ നിയമപരമായി സ്വീകരിക്കാൻ കഴിയുന്ന എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ